# തിരുവായ്ക്ക് എതിർവാ പാടില്ല

## പുതിയ KSEBL നയം

KSEB വൻ സാമ്പത്തിക തകർച്ചയിലേയ്ക്ക്...

സാമ്പത്തിക കെടുകാര്യസ്ഥത... തസ്തിക വെട്ടിനിരത്തൽ...

1998 ആവർത്തിക്കുന്നു...

## ചങ്കരൻ പിന്നേം തെങ്ങേ തന്നെ

KFone, Transgrid, LED, പുരപ്പുറസോളാർ സുതാര്യമല്ലാത്ത ഇടപാടുകൾ വഴി സ്ഥാപനത്തിന്റെ ആസ്തിയെ വെല്ലുന്ന കടമെടുപ്പ് ആർക്കുവേണ്ടി...?

CFL നുവേണ്ടി 90 കോടി കളഞ്ഞു... ഞങ്ങൾ മറന്നിട്ടില്ല.. ഇപ്പോൾ പറയുന്നു CFL മൊത്തം കുഴപ്പം..

ബന്ധു നിയമനം... ലീവ് സറണ്ടർ നിഷേധം....പ്രമോഷനില്ല... നിയമനമില്ല...

ട്രാൻസ്ഫറിന്റെ മറവിൽ ഓൺലൈൻ പീഡനം...

## LDF ഭരണം

1996 ലും 2006 ലും അധികാരത്തിൽ വന്ന LDF സർക്കാരുകൾ KSEBയുടെ സാമ്പത്തിക അടിത്തറ തകർത്ത് സ്ഥാപനത്തെ നഷ്ടത്തിലാക്കി. തുടർന്ന് വന്ന UDF സർക്കാരുകൾ ഫലപ്രദമായ നടപടികളിലൂടെ KSEB യെ നഷ്ടത്തിൽ നിന്നും കരകയറ്റി. 2016 ൽ വന്ന ഈ സർക്കാറും മുൻ LDF സർക്കാരുകൾ നടപ്പിലാക്കിയ തുഗ്ലക് പരിഷ്ക്കാരങ്ങൾ അതേപടിയോ അതിനേക്കാൾ വർദ്ധിത വീര്യത്തോടെയോ നടപ്പിലാക്കി സ്ഥാപനത്തിന്റെ നിലനിൽപ്പിനെത്തന്നെ അപകടത്തിലാക്കുന്നു. Kfone, Transgrid, പുരപ്പുറ സോളാർ ചില ഉദാഹരണങ്ങൾ മാത്രം. അംഗീകൃത സംഘടനകളെ നോക്കുകുത്തിയാക്കി ഏകാധിപത്യ തീരുമാനങ്ങൾ അടിച്ചേൽപ്പിക്കുന്നു **"തിരുവായ്ക്ക് എതിർവാ"** പാടില്ലായെന്നുള്ളതാണ് ഇപ്പോൾ ബോർഡ് മാനേജ്മെന്റിന്റേയും ഗവൺമെന്റിന്റേയും നിലപാട്. ചർച്ചകളിൽ എടുക്കുന്ന തീരുമാനങ്ങൾക്ക് വിരുദ്ധമായിട്ടാണ് ഉത്തരവുകൾ പുറത്തിറക്കുന്നത്.

## പോസ്റ്റിംഗ് സ്ട്രെങ്ങ്ത്

കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയിലെ പെരസ്ട്രോയിക്ക... നിലവിലെ ജീവനക്കാർ അധികമാണെന്നും വ്യാജപ്രചരണം നടത്തുക. തുടർന്ന് തസ്തികകൾ വെട്ടിയരിയുക. CITU, AITUC ഭരണാനുകൂല സംഘടനകളുടെ പിന്തുണയോടെ Sanctional Strength നെ അട്ടിമറിച്ചു. 1998 ലെ ഇടത് ഗവൺമെന്റാണ് 10000 തസ്തികകൾ വെട്ടിനിരത്തിയത്. 2010 ൽ പുതിയ സെക്ഷനുകളിൽ തസ്തികകൾ അനുവദിക്കണ്ടയെന്ന തീരുമാനവും എടുത്തു. എന്നാൽ 2011 മുതൽ 2016 വരെയുള്ള UDF സർക്കാർ പുതിയ സെക്ഷനുകളിലെ എല്ലാ ഒഴിവുകളിലും നിയമനം നടത്തി. 1998 ൽ ഉണ്ടായിരുന്നതിന്റെ നാലിരട്ടി ഉപഭോക്താക്കൾ 2019 ഉള്ളപ്പോൾ പറയുന്നു നിലവിലെ ജീവനക്കാർ അധികമാണെന്ന്. PSC വഴി നിയമനം ലഭിച്ചതുകൊണ്ട് പിരിച്ചുവിടുന്നില്ലാ എന്ന ഔദാര്യമാണ് ചെയർമാൻ ചർച്ചകളിൽ മുന്നോട്ട് വയ്ക്കുന്നത്. മോഡൽ സെക്ഷൻ പരിഷ്ക്കരണത്തിന്റെ പേർപറഞ്ഞ് വെട്ടിക്കുറവ് വരുത്തിയ തസ്തികകളിൽ വീണ്ടും കടുംവെട്ട് നടത്തുന്നു. സെക്ഷൻ ഓഫീസുകളിൽ ലൈൻമാൻമാരുടെ എണ്ണം 10 മുതൽ 4 വരെയാക്കി കുറച്ചു. ഓവർസിയറുടെ എണ്ണം 3-4 എന്ന

നിരക്കിൽ. മീറ്റർ റീഡർ വേണ്ടേ വേണ്ടാ, സീനിയർ അസിസ്റ്റന്റ് ഒന്നാക്കി ചുരുക്കി. കാഷ്യർമാരുടെ അവസ്ഥയും ഇതുതന്നെ. സെക്ഷനുകളിലെ അവസ്ഥയേക്കാൾ പരിതാപകരമാണ് സബ്സ്റ്റേഷനുകളിലേയും ജനറേറ്റിംഗ് സ്റ്റേഷനുകളിലേയും. പതിനായിരത്തോളം ജീവനക്കാർ അടുത്ത 2 വർഷത്തിനിടയിൽ റിട്ടയർ ചെയ്യുമെന്നിരിക്കെ Posting Strength ന്റെ മറവിൽ കടുംവെട്ട് നടത്തുന്നത് ഭരണപക്ഷ ധാർഷ്ട്യത്തിന്റ മുഖമുദ്രയാണ്. Sanctioned Strength ൽ നിയമനം നടത്തുകയെന്നതാണ് INTUC നിലപാട്. ജനറൽ ട്രാൻസ്ഫറിന്റെ ഗൈഡ്‌ലൈൻ പ്രകാരം 250 കി.മി അപ്പുറം വടക്കൻ മേഖലയിൽ ജോലി ചെയ്തവർക്ക് Cut-off date അനുസരിച്ച് ഒരുവർഷത്തിനുള്ളിൽ ട്രാൻസ്ഫർ കിട്ടണം. എന്നാൽ പുതിയ ശരിയാക്കൽ ആചാരത്തിന്റെ ഭാഗമായി അർഹതപ്പെട്ട എല്ലാവർക്കും കിട്ടില്ല. കാരണം നിലവിലുള്ള Sanctioned Strength ലും കുറച്ചാണ് പോസ്റ്റിംഗ് ചെയ്യുന്നത്. ട്രാൻസ്ഫർ കിട്ടാത്തവർ ചോദിക്കുമ്പോൾ കിട്ടുന്ന ഉത്തരം നിങ്ങൾ "ക്യൂ"ൽ ആണ്. 3 വർഷമായി "ക്യൂ" നിൽക്കുന്ന ജീവനക്കാർ വരെ ഉണ്ടിവിടെ. LM Sanctioned Strength 12 എന്നുള്ളത് 10 ആക്കുമ്പോൾ 2 പേർക്ക് അവസരം നഷ്ടപ്പെടുന്നു. ഒരുകാര്യം വ്യക്തമാണ് ജീവനക്കാരുടെ എണ്ണം കുറയുന്നു. റിട്ടയർമെന്റ് കൂടുന്നു. പുതിയ നിയമനവുമില്ല നിലവിലുള്ളവർക്ക് പ്രമോഷനുമില്ല.

പുതിയ നിയമനങ്ങൾ നടക്കുന്നതുവരെ എംപ്ലോയ്മെന്റിൽ നിന്നും നിയമിക്കണം. അല്ലാതെ Posting Strength ന്റെ പേരിൽ അർഹതപ്പെട്ട ട്രാൻസ്ഫർ നിഷേധിക്കരുത്. ബന്ധുനിയമനം വേണ്ട, ഇവർ അതിൽ വിദഗ്ദരാണല്ലോ. ഞങ്ങളുടെ എതിർപ്പിനെ അവഗണിച്ച് 2017 ലെ ജനറൽ ട്രാൻസ്ഫറിന് മാത്രമായി താല്ക്കാലിക സംവിധാനം എന്ന് പറഞ്ഞ് ഏർപ്പെടുത്തിയ posting Strength തുടർന്നുള്ള വർഷങ്ങളിലും നടപ്പിലാക്കുന്നത് വെട്ടിനിരത്തുന്നതിന്റെ ഭാഗമാണ്. ഇതിനെതിരെ പ്രതികരിക്കാൻ ഇടതു യൂണിയനുകൾ തയ്യാറാണോ. നിലവിലുള്ള working strength sanctioned strength ആക്കി മാറ്റിയ ബോർഡുത്തരവിനെതിരെ ഞങ്ങൾ പ്രതികരിച്ചതുകൊണ്ടും ചർച്ച ബഹിഷ്കരിച്ചതുകൊണ്ടുമാണ് ആ ഉത്തരവ് മരവിപ്പിച്ചത്. അങ്ങനെ വലിയ ഒരു വെട്ടിനിരത്തൽ ഒഴിവാക്കി.

നിലവിലുള്ള തൊഴിൽ നിയമങ്ങൾ അട്ടിമറിച്ചാണ് Posting Strength നടപ്പിലാക്കുന്നത്. 1947 ലെ വ്യവസായ തർക്ക നിയമം Section 2 (p) അട്ടിമറിക്കപ്പെട്ടു. 31.10.2013 ലെ സർക്കാർ വിജ്ഞാപനമായ ത്രികക്ഷി കരാർ അട്ടിമറിക്കപ്പെട്ടു. വൈദ്യുതി നിയമത്തിലെ സെക്ഷൻ 133 അട്ടിമറിക്കപ്പെട്ടു. കാഷ്യർ തസ്തിക ഇല്ലാതാക്കിയതിനെതിരെ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ഉന്നയിച്ച് ലേബർ കമ്മീഷണർക്ക് പരാതി നൽകിയതും CEA റെഗുലേഷനിൽനിന്നും നിലവിലുള്ള ജീവനക്കാരെ ഒഴിവാക്കണമെന്ന് Delhi Aptel ൽ കൃത്യസമയത്ത് കേസ് ഫയൽ ചെയ്തതും ഞങ്ങൾ മാത്രമാണ്. അതുകൊണ്ടാണല്ലോ ചെയർമാൻ ഞങ്ങളുടെ സംഘടനയെ തകർക്കാനുള്ള കുൽസിത ശ്രമങ്ങൾ നടത്തുന്നത്.

## ഓൺലൈൻ ട്രാൻസ്ഫർ

കുറ്റമറ്റരീതിയിൽ ഓൺലൈൻ ട്രാൻസ്ഫർ നടത്തുന്നതിന് KEEC (INTUC) നേതൃത്വം നൽകുന്ന UDEEF എല്ലാ പിന്തുണയും നൽകിയിട്ടുണ്ട്. കഴിഞ്ഞ ജനറൽ ട്രാൻസ്ഫറിൽ Sanction Strength നുപകരം Posting Strength ൽ സ്ഥലംമാറ്റം നടത്തി. പിന്നീട് ബന്ധു നിയമനത്തിനായി Posting strength ൽ മാറ്റം വരുത്തി. ഇതാണോ സുതാര്യത? തിരുവനന്തപുരം വൈദ്യുതിഭവനിൽ സീനിയർ അസിസ്സന്റുമാർ കൂടുതലാണെന്ന് പറഞ്ഞ് ട്രാൻസ്ഫർ നടത്തിയിട്ട് ബന്ധുക്കൾക്ക് വർക്കിംഗ് അറേഞ്ച്മെന്റിൽ പോസ്റ്റിംഗ് നൽകി. ബോർഡിലെ ഉന്നതൻമാർതന്നെ രാഷ്ട്രീയ യജമാനൻമാരുടെ പാദസേവ ചെയ്ത് Working Arrangement ൽ ഇരിക്കുമ്പോൾ ഇതിനെ കുറ്റം പറയാൻ പറ്റുമോ? 2019 ലെ ട്രാൻസ്ഫറിൽ 250 km അകലെ മലബാർ സർവീസ് ചെയ്തവർക്ക് നാട്ടിലേക്ക് തിരിച്ച് കിട്ടുന്നില്ല. സ്വന്തം സ്റ്റേഷനിൽ വേക്കൻസി നിലനിൽക്കേ 100 km അകലെയുള്ള സ്റ്റേഷനിലേയ്ക്ക് സ്ഥലംമാറ്റി, അർഹതപ്പെട്ട മെഡിക്കൽ പ്രൊട്ടക്ഷൻ തള്ളുന്നു. ഭരണാനുകൂലികളായ അനർഹമായവരെ പ്രൊട്ടക്ഷനിൽ തിരുകി കയറ്റുന്നു. എന്തിനും പ്രോഗ്രാമിനെ കുറ്റം പറഞ്ഞ് എത്രനാൾ ജീവനക്കാരനെ കബളിപ്പിക്കും. പ്രോഗ്രാം ചെയ്യാൻ അറിയാത്തതാണോ... അതോ നടിക്കുന്നതോ.... അറിയില്ലെങ്കിൽ അറിയാവുന്നവരെ ഏൽപ്പിക്കണം. ഫീൽഡിലുള്ള നെറ്റ്വർക്ക് സംവിധാനം ഏർപ്പെടുത്തുവാനും ഇവിടെയുള്ളവർക്ക് അറിഞ്ഞുകൂടെ.

## CEA റെഗുലേഷൻ

CEA Regulation ന്റെ പേരിൽ പ്രമോഷനുകൾ തടയപ്പെട്ടു. കോടതികളിൽ ശരിയായ രേഖകൾ ബോർഡ് സമർപ്പിക്കാതിരുന്നതിനാൽ ഉത്തരവുകളെല്ലാം ജീവനക്കാർക്കെതിരായി 2010 ലെ CEA റെഗുലേഷൻ അനുസരിച്ചുള്ള ഗവൺമെന്റിന്റെ നിക്ഷിപ്ത അധികാരം ഉപയോഗിച്ച് നിലവിലുള്ള ജീവനക്കാരെ സംരക്ഷിക്കാൻ ഉത്തരവ് പുറത്തിറക്കണമെന്ന് ഞങ്ങൾ ആദ്യം ആവശ്യപ്പെട്ടതാണ്. എന്നാൽ അന്ന് അത് പുറത്തിറക്കിയില്ല. 6 മാസം സാവകാശം മാത്രമാണ് അന്ന് ചോദിച്ചത്. ഇപ്പോൾ പുറത്തിറക്കിയപ്പോൾ കോടതി സ്റ്റേ ചെയ്തു. കാര്യങ്ങൾ നടപ്പിലാക്കുന്നതിലെ മാനേജ്മെന്റിന്റെ ഉദാസീനതയും കാലതാമസവുമാണ് എല്ലാത്തിനും കാരണം.

## പുരപുറ സോളാർ

KSEBL ന് വൻ സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കുന്ന **"പുരപ്പുറ സോളാർ"** മറ്റൊരു ലാവ്‌ലിൻ ആകുമോയെന്ന് സംശയിക്കുന്നു. നിലവിൽ ജീവനക്കാർ കുറവാണ് പ്രീ മൺസൂൺ നടത്തേണ്ട സമയത്ത് സോളാർ പരിശോധനയ്ക്കായി ജീവനക്കാരെ നിയമിച്ചിരിക്കുകയാണ്. ജീവനക്കാർ ഇപ്പോൾ പരിശോധനയ്ക്കായ് പുരയുടെ മുകളിലാണ്. സോളാർ പാർക്കിന് മിനിമം 500 mw വേണമെന്നിരിക്കെ കാസർഗോഡ് 250mw ന് സോളാർ പാർക്ക് കേന്ദ്ര ഗവൺമെന്റിനെക്കൊണ്ട് അനുവദിപ്പിക്കാൻ UDF കാലത്ത് ശ്രീ.ആര്യാടൻ മുഹമ്മദിന് സാധിച്ചു. സബ് സ്റ്റേഷൻ പണിപൂർത്തിയാക്കി. എന്നാൽ പാർട്ടിഗ്രാമം ഉണ്ടാക്കുന്നതിനുവേണ്ടി CPM ന്റെ ഒരു പഞ്ചായത്ത് പ്രസിഡന്റ് ആവശ്യപ്പെട്ടതിന്റെ പേരിൽ 250 mw സോളാർ പാർക്ക് വേണ്ടന്നുവച്ച് ഗവൺമെന്റ് ഉത്തരവ് പുറത്തിറക്കി. 250 mw 50 mw ആയി കുറച്ചു. അങ്ങനെ സോളാർ എനർജി വേണ്ടായെന്ന് തീരുമാനിച്ചവർ ഇപ്പോൾ കാസർഗോഡ് മുതൽ പാറശ്ശാല വരെ 700 km നീളത്തിലും കേരളത്തിന്റെ ആകെ ചുറ്റളവിലുമായി 500mw പദ്ധതിയുമായി ഇറങ്ങിത്തിരിച്ചിരിക്കുന്നു. മെയിന്റനൻസ് ആര് നടത്തും, എങ്ങനെ നടത്തും. കാസർഗോഡ് സോളാർ പദ്ധതി 1083 ഏക്കറിൽമാത്രം ആയിരുന്നുവെങ്കിൽ ഇത് കേരളത്തിന്റെ മുഴുവൻ ചുറ്റളവിലാണ്. കൊച്ചി SIAL സോളാർ എനർജി ഉത്പ്പാദിപ്പിക്കുന്നു. അത് അവരുടെ ചുരുങ്ങിയ ചുറ്റളവിലാണ്. പുതിയ സ്കീമിന്റെ മെയിന്റനൻസ് കോസ്റ്റ് കണക്കുകൂട്ടിയോ. എല്ലാ ആഴ്ചയിലും Panel clean ചെയ്യേണ്ടേ. 3000 കോടി കടം എടുത്ത് വടക്കേയറ്റം മുതൽ തെക്കേയറ്റം വരെ വീടുൾക്ക് മുകളിൽ നിക്ഷേപിച്ച് കുഴപ്പിക്കില്ലേ. ഈ പദ്ധതിയുടെ കാര്യത്തിൽ KSEB യുടെ ലീഗൽ അഡ്വൈസറുടെ അഭിപ്രായം പരിഗണിച്ചോ. ഇല്ലായെന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. ഒരു 1 KW ന് 50000 രൂപയോളം വരുമെന്ന് ബോർഡ് പറയുന്നു. 500 mw ന് വേണ്ടി കടം എടുക്കേണ്ടേ. മസാല ബോണ്ടാണെങ്കിൽപോലും പലിശ കൊടുക്കണ്ടേ. ആകെയുള്ള അപേക്ഷകരിൽ ഭൂരിഭാഗവും ബോർഡിന്റെ ചിലവിൽ പദ്ധതി വേണമെന്ന് ആവശ്യപ്പെട്ടവരുമാണ്. പകൽ സമയത്തല്ലാതെ Peak Load സമയത്ത് ഈ വൈദ്യുതി ലഭിക്കുമോ. Feasible ആണോ. കൺസ്യൂമറുമായിട്ടുള്ള Agreement format എന്താണ്. ഇത് പൊതുപണമല്ലേ. എല്ലാ കാര്യങ്ങളും പരസ്യപ്പെടുത്തണം. സുതാര്യമാക്കണം. 1998 ൽ 5000 കോടി കടത്തിൽ ഈ സ്ഥാപനത്തെ എത്തിച്ചവർ വീണ്ടും ആ അവസ്ഥ സൃഷ്ടിക്കുമോ. ഈ പദ്ധതിയെ എതിർത്ത് എഞ്ചിനീയർമാരുടെ സംഘടനാ ബോർഡിന് കത്ത് നൽകിയിട്ടുണ്ട്. INTUC യുടെ അഭിപ്രായം ബോർഡ് അധികാരികളെ അറിയിച്ചിട്ടുണ്ട്. ഓഫീസേഴ്സ് അസോസിയേഷൻ എന്ന ഇടത് ഓഫീസർ സംഘടനയുടെ ധാർഷ്യട്യത്തിന് മുന്നിൽ ബോർഡധികാരികൾ പകച്ച് നിൽക്കുകയല്ലേ. 1998 ൽ ഇവർ കാട്ടിക്കൂട്ടിയത് വീണ്ടും ഞങ്ങളെക്കൊണ്ട് പറയിക്കരുത്. മനസാക്ഷിയോടെ തുറന്ന് പറയൂ. KSEB യിലെ എത്ര ഡയറക്ടേഴ്സിന്റെ അംഗീകാരമുണ്ട് ഈ പദ്ധതിക്ക്. ഇതാണ് യഥാർത്ഥ സോളർ അഴിമതി. 1998 കാലഘട്ടത്തിലെ KSEB യിലെ ചെയർമാൻ ഉൾപ്പടെയുള്ള ഭരണാധികാരികളുടെ ഇപ്പോഴത്തെ അവസ്ഥ നോക്കി മുന്നോട്ട് പോകൂ.

## Kfone

നിലവിൽ പ്രതിവർഷം 65 കോടി പോൾ റെന്റിന്റെ ഇനത്തിൽ ബോർഡിന് ലഭിച്ചുകൊണ്ടിരിക്കുന്നത്

നഷ്ടപ്പെടുത്തി 800 കോടി കടം എടുക്കുന്നു. ബോർഡിന്റെ സ്വത്തുക്കളിൽ മറ്റൊരു കമ്പനിക്ക് അവകാശം നൽകുന്നത് അഴിമതി നടത്താനാണെന്ന് സംശയം ബലപ്പെടുത്തുന്നു. എല്ലാ ബാദ്ധ്യതയും ബോർഡിനുമാത്രം ഭാവിയിൽ നഷ്ടത്തിലായാൽ ജീവനക്കാർക്ക് ശമ്പളമില്ല, പെൻഷൻകാർക്ക് പെൻഷനുമില്ല. എല്ലാവരെയും പെരുവഴിയിലാക്കുന്ന KFone ഐഡിയ ആരുടേത്?

## ക്രെഡിറ്റ് എവിടെ?

കഴിഞ്ഞ പതിനെട്ട് വർഷമായി കൃത്യമായി ഏപ്രിൽ മാസത്തിൽ ലഭിച്ചുകൊണ്ടിരുന്ന ലീവ് സറണ്ടർ ഇപ്പോൾ ജൂൺ എത്തിയിട്ടും എല്ലാവർക്കും കിട്ടിയില്ല. ലീവ് സറണ്ടർ തുക വാങ്ങി കുട്ടികൾക്ക് യൂണിഫോമും ഫീസും അടയ്ക്കാൻ കാത്തിരുന്നവരെ കബളിപ്പിച്ചത് ജീവനക്കാർ മറക്കില്ല. 19962001 കാലഘട്ടത്തിൽ PF ലോൺ ഒരുവർഷംവരെ താമസിപ്പിച്ചതും പെൻഷൻ ആനുകൂല്യങ്ങൾ ഗഡുക്കളാക്കിയതും ഈ അവസരത്തിൽ ഓർമ്മ വരുന്നു.

## സുരക്ഷ

"സുരക്ഷ"എന്നത് ഒരു സംസ്കാരമാക്കി മാറ്റാൻവേണ്ട പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെങ്കിൽ പോലും സുരക്ഷയുടെ പേരിൽ ജീവനക്കാരെ ഉപദ്രവിക്കുന്ന നടപടികളാണ് ഇപ്പോൾ നടക്കുന്നത്. കൊടിയുടെ നിറം നോക്കിയാണ് സസ്പെൻഷൻ. മോഡൽ സെക്ഷന്റെ പേരിൽ ഈ LT ശൃംഖല ആവശ്യമായ മെയിന്റനൻസ് നടത്താത്തതിനാൽ ഒരുവശത്ത് സുരക്ഷ ഉയർത്തി പിടിക്കുംമ്പോഴും ഗുണമേന്മയുള്ള മെറ്റീരിയൽസ് വാങ്ങിക്കുന്നതിൽ താൽപ്പര്യം കാണിക്കുന്നില്ല. മെറ്റീരിയൽസിന്റെ ഗുണം മോശമാണെന്ന് റിപ്പോർട്ട് ചെയ്ത ഇലക്ട്രിസിറ്റി വർക്കർമാരെ മഞ്ചേരിയിൽ ട്രാൻസ്ഫർ ചെയ്തു. മെറ്റീരിയൽ പർച്ചേസിൽ ഇടനിലക്കാരെ ഒഴിവാക്കണം. Reconductering വർക്ക് (AAC to ACSR) 50% പോലും പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യത്തിൽ സേഫ്റ്റി മുറവിളിയും സോളാർ പ്രഖ്യാപനവും നടത്തുന്നു. ഇപ്പോൾ പുതിയ കണ്ടുപിടുത്തം സുരക്ഷയ്ക്കുവേണ്ടി ജീവനക്കാരുടെ കുടുംബങ്ങളേയും സുരക്ഷാ കാര്യത്തിൽ ബോധമുള്ളവരാക്കാനാണെന്നാണ് ഭാഷ്യം. Posting Strength കണ്ടുപിടിച്ച ഇവർ ഇനിയും മറ്റുപലതും കണ്ട് പിടിക്കാനിരിക്കുന്നതേയുള്ളു. ജാഗ്രതൈ.

## സോഷ്യൽ മീഡിയ

സോഷ്യൽ മീഡിയയിൽ INTUC ക്കാർ എന്ത് പോസ്റ്റ് ചെയ്താലും സസ്പെൻഷൻ, ട്രാൻസ്ഫർ. മറിച്ച് ചെങ്കൊടിക്ക് അനുകൂലമായി എഴുതുന്നവർക്ക് പ്രൊട്ടക്ഷൻ. ഇതാണ് ഇവിടുത്തെ ജനാധിപത്യം. കംപ്യൂട്ടറിനെതിരെ സമരം ചെയ്തവർ ഇപ്പോൾ പറയുന്നു കംപ്യൂട്ടർ ഇല്ലായെങ്കിൽ ട്രാൻസ്ഫറില്ല. കംപ്യൂട്ടറിനെ അതിന്റെ വഴിയിലൂടെ വിടൂ. അതിനെ ഇടത്തേയ്ക്ക് ചായ്ക്കുമ്പോൾ വൈറസ് കയറും പിന്നെ അത് ഉപേക്ഷിക്കേണ്ടിവരും. ഭാവിയിൽ നടക്കാൻ പോകുന്ന കാര്യങ്ങൾ പറഞ്ഞുവെന്ന് മാത്രം. ധാർഷ്ടൃത്തിനും ധിക്കാരത്തിനും ജനങ്ങൾ നൽകിയ തിരിച്ചടി കൺമുമ്പിൽ ഉണ്ടല്ലോ. തൊഴിലാളി വർഗ്ഗതാൽപ്പര്യത്തിനെതിരെ വൈദ്യുതി മേഖലയെ തകർക്കാൻ ഗൂഢനീക്കം നടത്തുന്നവരെ നിങ്ങളുടെ ധാർഷ്ട്യത്തിന് തിരിച്ചടി കിട്ടുന്ന കാലം വിദൂരമല്ല എന്ന് ഓർത്താൽ നന്ന്.

ഞങ്ങൾക്ക് ഒന്നേ പറയാനുള്ളൂ...
അഴിമതി നടത്തുന്നവരും അതിന് കൂട്ട് നിൽക്കുന്നവരും ജാഗ്രതൈ..

**എ.ഷാഹുൽ ഹമീദ്**
ജനറൽ സെക്രട്ടറി
KEEC (INTUC)

**കെ.സി.രാജൻ**
ജനറൽ സെക്രട്ടറി
UDEEF

KEEC (INTUC) സിന്ദാബാദ്... UDEEF സിന്ദാബാദ്...
കെ.മുരളീധരൻ എം.പി, കെ.പി.ധനപാലൻ Ex.MP, കെ.സി രാജൻ, എ.ഷാഹുൽ ഹമീദ് സിന്ദാബാദ്.

Designing & Printing: St. Joseph's Press, Tvm-14